# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3290 23-06-2014-ലെ മറുപടിക്ക്

## വിസിൽ ബ്ലോവർ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു: മുഖ്യമന്ത്രി |
| (എ) അഴിമതികളെക്കുറിച്ച് മുഖ്യ മന്ത്രിക്ക് ഓൺലൈനിൽ പരാതി നൽകുന്നതിനായി ഏർപ്പെടുത്തിയ വിസിൽ ബ്ലോവർ സംവിധാനം എന്നാണ് ആരംഭിച്ചത്; | (എ) വിസിൽ ബ്ലോവർ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി മുൻ ചീഫ് സെക്രട്ടറി ശ്രീ. മോഹൻകുമാർ ചെയർമാനായി സമിതി റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടാണ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത്. |
| (ബി) ഈ സംവിധാനം ആരംഭിച്ചതുമുതൽ ഇതുവരെയുള്ള ഓരോ വർഷവും ഇതുവഴി എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) പരാതി സ്വീകരിക്കുന്നതിനും മേൽ നടപടികൾ സ്വീകരിക്കുന്നതിനും വിപുലമായ സംവിധാനം ഒരുക്കേണ്ടതുണ്ട്. അത് നടന്നു കൊണ്ടിരിക്കുകയാണ്. അതിന് ശേഷം മാത്രമേ ഈ സംവിധാനത്തിലൂടെ പരാതികൾ സ്വീകരിച്ചു തുടങ്ങുകയുള്ളൂ. |

| | | |
|---|---|---|
| (സി) ഈ പരാതികളിൽ അന്വേഷണം പൂർത്തിയായവ എത്ര; ഇപ്പോഴും അന്വേഷണം നടക്കുന്നവ എത്ര; യാതൊരു അന്വേഷണ നടപടിയും സ്വീകരിക്കാത്തവ എത്ര; വിശദമാക്കാമോ;<br><br>(ഡി) അന്വേഷണം പൂർത്തിയായ എത്ര പരാതികളിൽ ഉന്നയിക്കപ്പെട്ട അഴിമതി നടന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ;<br><br>(ഇ) നിലവിൽ ഈ സംവിധാനം പ്രവർത്തനക്ഷമമാണോ; ഇതു സംബന്ധിച്ച സൂചനകളും ലിങ്കുകളും മുഖ്യമന്ത്രിയുടെ വെബ് സൈറ്റിൽ ഇപ്പോഴും പ്രദർശിപ്പിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (സി) യും (ഡി) യും (ഇ) യും | ബാധകമല്ല |

സെക്ഷൻ ഓഫീസർ